സിഐടിയു സംസ്ഥാന കമ്മിറ്റി
2017 ഡിസംബർ 16

# രാഷ്ട്രീയ റിപ്പോർട്ട്

## സാർവ്വദേശീയ രംഗത്തെ സ്ഥിതി

മൂന്ന് ദശാബ്ദങ്ങൾക്ക് ശേഷം ആഗോളവത്കരണം പ്രതിസന്ധിയിലാണ്. നവ-ഉദാരവത്കരണനയങ്ങൾ മുന്നോട്ട് പോവാനാത്ത അവസ്ഥയിലെത്തിനിൽക്കുന്നു. ബൂർഷ്വാ ബുദ്ധിജീവികൾ തന്നെ ഇത് സമ്മതിക്കുന്നു. പക്ഷെ അവർക്ക് ഈ പ്രതിസന്ധിയിൽ നിന്ന് പുറത്ത് കടക്കാനുള്ള വഴി നിർദ്ദേശിക്കുവാൻ കഴിയുന്നില്ല. ദൗർഭാഗ്യത്തിന് നവ-ഉദാരവൽകരണത്തിന് അനുയോജ്യമായ പുരോഗമനപരമായ ബദൽ ഉയർന്ന് വന്നിട്ടില്ല. നവ-ഉദാരവൽകരണം സൃഷ്ടിക്കുന്ന അസംതൃപ്തികളെ ലോകത്തിന്റെ പലഭാഗത്തും വലതുപക്ഷ ശക്തികൾക്ക് ഉപയോഗപ്പെടുത്താനാവുന്നു. യൂറോപ്പിലും, അമേരിക്കയിലും തീവ്ര വലതുപക്ഷവും നവനാസിസവും തലപൊക്കാൻ കാരണമാവുന്ന സാഹചര്യം ഇതാണ്- ട്രംമ്പിന്റെ വിജയം ഈ പശ്ചാത്തലത്തിലാണ്. യൂറോപ്പിലെ പല രാജ്യങ്ങളിലും തീവ്ര വലത്പക്ഷ പാർട്ടികൾ ഉയർന്ന് വരുന്നതും ഈ സാഹചര്യത്തിലാണ്. ഇതിനൊരു മറുവശവുമുണ്ട് ഈ പ്രതിസന്ധികൾക്കൊടുവിൽ ശരിയായ ഇടത്പക്ഷ ബദൽ രൂപം കൊള്ളും. യൂറോപ്പിൽ സോഷ്യൽ ഡമോക്രാറ്റുകളെ ഇടത്പക്ഷമായോ മദ്ധ്യഇടത്പക്ഷമായോ കണക്കാക്കിയിരുന്നു. ഫ്രാൻസിലെ സോഷ്യലിസ്റ്റ് പാർട്ടി, ബ്രിട്ടനിലെ ലേബർ പാർട്ടി, ജർമനിയിലെ എസ്.പി.ഡി. മുതലായ സോഷ്യൽ ഡമോക്രാറ്റ് പാർട്ടികൾ ഒടുവിൽ നവ-ഉദാരവത്കരണ നയങ്ങൾക്ക് കീഴടങ്ങുകയും പ്രസ്തുത നയങ്ങൾ സ്വയം വരിക്കുകയും ചെയ്തു. ബ്രിട്ടീഷ് ലേബർ പാർട്ടി നേതാവായിരുന്ന ടോണി ബ്ലെയർ ഈ പ്രതിഭാസത്തിന്റെ ഉദാഹരണമാണ്. ടോണി ബ്ലെയറിന്റെ ഭരണം പൂർണമായും ഉദാരവൽകരണ നയങ്ങൾക്ക് കീഴ്പ്പെട്ടായിരുന്നു. തൽഫലമായി അവരുടെ വിശ്വാസ്യത പൂർണമായും നഷ്ടപ്പെട്ടു. ഈ സാഹചര്യത്തെയാണ് വലത്പക്ഷം ഉപയോഗപ്പെടുത്തിയത്. എന്നാൽ അവസാനമായി ബ്രിട്ടനിൽ ഇടത്പക്ഷം വീണ്ടും കരുത്താർജ്ജിക്കുകയാണ്. ടോണി ബ്ലെയറിന്റെ സ്ഥാനത്ത് വന്ന ജർമി കോർബിൻ ഇടത്പക്ഷ ബദൽ ഉയർത്തി ജനപിന്തുണ ആർജ്ജിച്ചിരിക്കുകയാണ്. ഇടത്പക്ഷത്തേക്ക് നീങ്ങുന്നില്ലെങ്കിൽ സോഷ്യൽ ഡമോക്രാറ്റുകളുടെ സ്ഥാനം ചവറ്റ് കൊട്ടയായിരിക്കും. ഫ്രഞ്ച് സോഷ്യലിസ്റ്റ് പാർട്ടിക്ക് സംഭവിച്ചത് അതാണ്. ഈയിടെ നടന്ന പ്രസിഡന്റ് തെരെഞ്ഞെടുപ്പിൽ സോഷ്യലിസ്റ്റ് പാർടിക്ക് ഒന്നാം റൗണ്ടിൽ ലഭിച്ചത് 6 ശതമാനം മാത്രം വോട്ടുകളാണ്. നവ-ഉദാരവൽകരണ നയങ്ങളെ എതിർത്ത് മത്സരിച്ച ഇടത്പക്ഷ സ്ഥാനാർത്ഥിക്ക് 19.6 ശതമാനം വോട്ട് ലഭിച്ചു. സോഷ്യൽ ഡമോക്രാറ്റുകൾ നവ-ഉദാരവൽകരണ നയങ്ങളിലേക്ക് മാറിയ സാഹചര്യത്തിൽ പുതിയ ഇടത്പക്ഷ വേദികൾ രൂപം കൊള്ളുകയാണ്. ലോകമാകെ വലത് പക്ഷത്തേക്കോ, ഫാസിസത്തിലേക്കോ മാറി എന്ന് പറയാനാവില്ല. വലത്പക്ഷ വിരുദ്ധ രാഷ്ട്രീയവും വികസിക്കുന്നുണ്ട്.

സാമ്പത്തിക പ്രതിസന്ധികളുടെ കാലത്ത് ശരിയായ ഇടത്പക്ഷ നയങ്ങൾ സ്വീകരിക്കുന്ന പ്രസ്ഥാനങ്ങൾക്ക് വളരാൻ അവസരം ലഭിക്കുന്നുണ്ട്. ഇടത്പക്ഷം നവ-ഉദാരവൽകരണ നയങ്ങളുമായി സന്ധിചെയ്യരുത്. ഇന്ത്യയിലും നവ-ഉദാരവൽകരണ നയങ്ങൾക്കും ഹിന്ദുത്വ വർഗ്ഗീയതയ്ക്കും എതിരെ ശരിയായ ബദൽ പ്രസ്ഥാനമാവാൻ ഇടത്പക്ഷത്തിനേ കഴിയൂ. നവ-ഉദാരവൽകരണ നയങ്ങൾക്കും വർഗ്ഗീയതയ്ക്കുമെതിരെ വിവിധ ജനവിഭാഗങ്ങളെ വിപുലമായി അണിനിരത്തണം. തൊഴിലാളി വർഗ്ഗത്തിന്റെ കരുത്തുറ്റ സമരങ്ങൾ ഉയർത്തിക്കൊണ്ട് വരണം. അത് വഴി മാത്രമെ ഇടത്പക്ഷ ബദൽ ശക്തിപ്പെടുകയുള്ളൂ. ഈ വിധത്തിലാണ് ഇടത്പക്ഷ ജനാധിപത്യ മുന്നണി ഉയർന്ന് വരേണ്ടത്. ഈ മുന്നണി തെരെഞ്ഞെടുപ്പിനെ നേരിടാനുള്ള രാഷ്ട്രീയ പാർട്ടികളുടെ ഒരു കൂട്ടുകെട്ടല്ല. വിവിധ അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങൾ ചേർന്ന് മുതലാളിത്തത്തിനും, നാടു

വാഴിത്തത്തിനും, സാമ്രാജ്യത്തത്തിനുമെതിരെ പൊരുതുന്ന ഒരു ജനകീയ പ്രസ്ഥാനമായിരിക്കും. വർഗ്ഗീയത ജനങ്ങളുടെ വികാരങ്ങളെയാണ് സ്പർശിക്കുന്നത്. അതിനെ ഒറ്റതിരിച്ച് എതിർത്ത് തോൽപിക്കാൻ എളുപ്പമല്ല. എന്നാൽ നവ-ഉദാരവൽകരണ നയങ്ങൾ മുലം ഉളവാകുന്ന ജീവിത പ്രശ്നങ്ങൾ ഉയർത്തി നടത്തുന്ന പ്രക്ഷോഭങ്ങളിലൂടെ എല്ലാ വിഭാഗം ജനങ്ങളെയും ഭരണകൂട ത്തിനെതിരെ അണിനിരത്താനാവും. കഴിഞ്ഞ തിരെഞ്ഞെടുപ്പിൽ മോഡിയുടെ പിന്നിൽ അണി നിരന്ന കർഷകർ, ജീവിത ദുരിതങ്ങൾ ഏറിയപ്പോൾ അതിന് കാരണമായ നയങ്ങൾക്കെതിരെ സർക്കാരിനെതിരെ രൂക്ഷമായ സമരത്തിൽ അണിനിരന്നു. ഇതാണ് ഇടത്പക്ഷത്തിന് അവസരം നൽകുന്ന സാഹചര്യം.

## നേപ്പാളിലെ കമ്യൂണിസ്റ്റ് വിജയം

2017 നവംമ്പർ 26 ന് നടന്ന തെരെഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് സഖ്യം വൻ വിജയം നേടി. കമ്യൂണിസ്റ്റ് പാർടി ഓഫ് നേപ്പാൾ (യുനൈറ്റഡ് മാർക്സിസ്റ്റ്-ലെനിനിസ്റ്റ്) കമ്യൂണിസ്റ്റ് പാർടി ഓഫ് നേപ്പാൾ (മാവോയിസ്റ്റ് സെന്റർ) എന്നീ പാർടികൾ ചേർന്ന് രൂപീകരിച്ച സഖ്യമാണ് ചരിത്ര വിജയം കരസ്ഥമാക്കിയത്. 2015 ലെ രണ്ടാം ഭരണഘടനാ നിർമാണ സഭ രൂപം കൊടുത്ത മതനി രപേക്ഷ ഫെഡറൽ ഭരണഘടനയനുസരിച്ച് നടക്കുന്ന ആദ്യത്തെ പാർലമെന്റ് തെരെഞ്ഞെടു പ്പാണിത്. ജനാധിപത്യം പുന:സ്ഥാപിക്കപ്പെട്ടതിന് ശേഷം 17 വർഷമായി തുടരുന്ന രാഷ്ട്രീയ അനിശ്ചിതത്വം അവസാനിപ്പിക്കുന്നതാണ് തെരെഞ്ഞെടുപ്പ് ഫലം. നേരിട്ട് തെരെഞ്ഞെടുപ്പ് നടന്ന 165 സീറ്റുകളിൽ 116 ഉം കമ്യൂണിസ്റ്റ് പാർടികളുടെ സഖ്യം നേടി. ദീർഘകാലം നേപ്പാളിൽ ഭരണം നടത്തിയ നേപ്പാളി കോൺഗ്രസിന് 23 സീറ്റ് മാത്രമേ ലഭിച്ചുള്ളൂ. നെഹ്റു കുടുംബം പോലെ ദീർഘകാലം നേപ്പാളി കോൺഗ്രസിന് നേതൃത്വം നൽകിയത് ബി.പി.കൊയ്രാളയും കുടുംബവു മായിരുന്നു. രാജഭരണം അവസാനിപ്പിക്കുന്നതിന് നേപ്പാളി കോൺഗ്രസ് എതിരായിരുന്നു. കമ്യൂ ണിസ്റ്റ് പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ശക്തമായ ജനകീയ പ്രക്ഷോഭം ആരംഭിച്ചപ്പോൾ നേപ്പാളി കോൺഗ്രസിന് വിട്ടുനിൽക്കാനായില്ല. പൊരുതി നേടിയ ജനാധിപത്യത്തെ വീണ്ടും രാജാവിന് കീഴിൽ അടിയറ വെക്കാനാവില്ലന്ന ശക്തമായ സന്ദേശമാണ് കമ്യൂണിസ്റ്റ് പാർട്ടികളുടെ വിജയം.

നേപ്പാളിലെ തെരെഞ്ഞെടുപ്പ് ഫലം ഇന്ത്യൻ ഭരണാധികാരികളെയും നിരാശപ്പെടുത്തി. ഹിന്ദുത്വ ശക്തികൾ നേതൃത്വം നൽകുന്ന ഇന്ത്യൻ ഭരണകർത്താക്കൾക്ക് നേപ്പാൾ ചുവക്കുന്നത് ഇഷ്ടപ്പെടാനിടയില്ല.

## ജറുസലേം പ്രശ്നം

കിഴക്കൻ ജറുസലേമിനെ ഇസ്രായേലിന്റെ തലസ്ഥാനമായി അംഗീകരിച്ച അമേരിക്കൻ പ്രസിഡന്റ് ട്രംമ്പിന്റെ നടപടി എല്ലാ അന്താരാഷ്ട്ര മര്യാദകളുടെയും, ഐക്യരാഷ്ട്രസഭാ തീരു മാനങ്ങളുടെയും ലംഘനമാണ്. പശ്ചിമേഷ്യയെ വീണ്ടും യുദ്ധക്കളമാക്കി മാറ്റാനിടയാക്കുന്നതാണ് അമേരിക്കൻ നടപടി. ട്രമ്പിന്റെ ഈ ഭ്രാന്തൻ നീക്കം ലോകരാഷ്ട്രങ്ങളിൽ നിന്നും അമേരിക്കയെ ഒറ്റപ്പെടുത്തി. ഐക്യരാഷ്ട്ര രക്ഷാസമിതിയിൽ അമേരിക്ക ഒറ്റപ്പെട്ടു. 57 മുസ്ലീം രാഷ്ട്രങ്ങളുടെ ഉച്ചകോടി അമേരിക്കൻ നിലപാടിനെതിരെ ഒറ്റക്കെട്ടായി രംഗത്ത് വന്നു. അമേരിക്കയിൽ ട്രമ്പിന്റെ നിലപാടിനെതിരെ ജനങ്ങൾ തെരുവിലിറങ്ങി പ്രതിഷേധിച്ചു.

1967 ലെ യുദ്ധത്തിലാണ് ഇസ്രായേൽ ജറുസലേം കയ്യേറി പിടിച്ചടക്കിയത്. പാലസ്തീൻ രാഷ്ട്രത്തിന്റെ തലസ്ഥാനമായി കണക്കാക്കുന്ന ജറുസലേം ക്രിസ്ത്യൻ, മുസ്ലീം, യഹൂദ മതവി ശ്വാസികളുടെ പുണ്യഭൂമിയാണ്. ജറുസലേമിലെ ഇസ്രായേലിന്റെ പരമാധികാരം അന്താരാഷ്ട്ര സമൂഹം ഒരിക്കലും അംഗീകരിച്ചിട്ടില്ല. ഇസ്രായേലിലെ വിദേശ രാഷ്ട്രങ്ങളുടെ എംബസികളെല്ലാം "ടെൽ അവീവ്" നഗരത്തിലാണ്. ഈ സാഹചര്യത്തിലാണ് ജറുസലേമിനെ ഇസ്രായേൽ തല സ്ഥാനമായി ട്രംമ്പ് പ്രഖ്യാപിച്ചത്. അമേരിക്കൻ എംബസി ഇവിടേക്ക് മാറ്റുമെന്നും ട്രംമ്പ് വ്യക്ത മാക്കിയിട്ടുണ്ട്.

പാലസ്തീനുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ തീർപ്പ് കൽപിക്കേണ്ടത് പാലസ്തീൻ ജനതയാണ്. പാലസ്തീൻ ജനതയുടെ അവകാശങ്ങൾക്ക് നേരെയുള്ള ആക്രമണമാണ് ട്രമ്പിന്റെ നടപടി.

## ദേശീയ സ്ഥിതി

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ജനങ്ങളുടെ ജീവിതത്തെ ദുരിതത്തിലാഴ്ത്തിയ അസാധാരണ നടപടിയായിരുന്നു നോട്ട് നിരോധനം. ഒരു വർഷം കഴിഞ്ഞ് തിരിഞ്ഞ് നോക്കുമ്പോൾ, 'ചരിത്രപരമായ ഈ മണ്ടത്തരം' സൃഷ്ടിച്ച ആഘാതം, ഇന്നും സമ്പദ്ഘടനയെ ഉലച്ച്കൊണ്ടിരിക്കുന്നു. കള്ളപ്പണത്തിനെതിരായ പോരാട്ടം എന്ന പേരിലാണ് നരേന്ദ്രമോദി ഈ നടപടി പ്രഖ്യാപിച്ചത്. വലിയൊരു വിഭാഗം ജനങ്ങളുടെ ജീവിതം തകർത്ത നോട്ടു നിരോധനത്തിന്റെ ആഘാതം ഇപ്പോഴും തുടരുകയാണ്. ഈ സന്ദർഭത്തിൽ കൊണ്ടുവന്ന ജിഎസ്ടി ചെറുകിട ഉൽപാദകരെയും കൈത്തൊഴിൽകാരെയും ഗുരുതരമായ പ്രതിസന്ധിയിലാക്കി. രണ്ടും കൂടി ചേർന്ന് രാജ്യത്തിന്റെ സമ്പദ്ഘടനയിലാകെ പ്രതിസന്ധി സൃഷ്ടിച്ചു.

നോട്ട് നിരോധനം നടപ്പാക്കിയ രീതി റിസർവ് ബാങ്കിന്റെ പ്രതിച്ഛായയെ തകർത്തു. നിരോധന പ്രഖ്യാപനം റിസർവ് ബാങ്ക് ഗവർണറോ, ധനമന്ത്രിയോ നടത്തുന്നതിന് പകരം പ്രധാനമന്ത്രി നേരിട്ടാണ് നടത്തിയത്. ആവശ്യമായ മുൻകരുതൽ എടുത്തിട്ടുണ്ടാവുമെന്നാണ് പലരും കരുതിയത്. എന്നാൽ അത് തെറ്റായ ധാരണയായിരുന്നു. നിരോധനം നടപ്പിലായി ഒഴാഴ്ച പിന്നിട്ടപ്പോഴാണ് പ്രധാനമന്ത്രിയുടെ നടപടി 'മണ്ടത്തര'മായി എന്ന് എല്ലാവരും തിരിച്ചറിഞ്ഞത്. അസംഘടിത മേഖലയിലും, കാർഷിക മേഖലയിലും നോട്ട് നിരോധനം സൃഷ്ടിച്ച ഗുരുതരമായ കുഴപ്പങ്ങൾക്ക് ആശ്വാസം നൽകുന്നതിന് പകരം പ്രധാനമന്ത്രി വിദേശയാത്രയിലായിരുന്നു ഈ സന്ദർഭത്തിൽ.

പഴയ നോട്ടുകൾ മാറ്റാനും നിക്ഷേപം പിൻവലിക്കാനും ബാങ്കുകളിലെത്തിയ ജനങ്ങൾ വലഞ്ഞു. ബാങ്കുകളിൽ ആവശ്യത്തിന് പുതിയ കറൻസി ഉണ്ടായിരുന്നില്ല. ബാങ്കുകളുടെ സാധാരണ പ്രവർത്തനം തടസപ്പെട്ടു. ക്യൂ നിന്ന് കുഴഞ്ഞവർ ബാങ്ക് ജീവനക്കാരുമായി കയർത്തു. ഈ ഘട്ടത്തിൽ 50 ദിവസം കൊണ്ട് എല്ലാം ശരിയാവുമെന്നായിരുന്നു മോഡിയുടെ പ്രഖ്യാപനം. ജീവിതോപാധികൾ നഷ്ടപ്പെട്ട ദശലക്ഷക്കണക്കിന് മനുഷ്യരെ തെറ്റദ്ധരിപ്പിക്കയായിരുന്നു പ്രധാനമന്ത്രി.

നോട്ട് നിരോധനം പ്രഖ്യാപിക്കുമ്പോൾ പ്രധാനമന്ത്രി പറഞ്ഞത് ഈ നടപടി കള്ളപ്പണത്തിനും കള്ളനോട്ടുകൾക്കുമെതിരെയാണെന്നായിരുന്നു. 2017 ൽ ജനങ്ങളാകെ ദുരിതത്തിലായ ഘട്ടത്തിൽ പ്രധാനമന്ത്രി ആദ്യം പറഞ്ഞ കാര്യങ്ങൾ മറച്ചുവെച്ച് കറൻസി രഹിത സമ്പദ്ഘടന സൃഷ്ടിക്കലാണ് തന്റെ നടപടിയുടെ ലക്ഷ്യമെന്ന് പറയാൻ തുടങ്ങി.

അന്തർദേശീയ തലത്തിൽ പേരുണ്ടായിരുന്ന ഇന്ത്യയുടെ റിസർവ് ബാങ്കിന്റെ വിശ്വാസ്യതയും അന്തസും ചോദ്യം ചെയ്യപ്പെട്ടു. രാജ്യത്തിന് ആവശ്യത്തിന് കറൻസി ഇല്ലെന്ന യാഥാർത്ഥ്യം പോലും മറച്ച് വെക്കപ്പെട്ടു. പുതിയ നോട്ടുകളുടെ കുറവ്, ബാങ്ക് ഇടപാടുകാരെയും ജനങ്ങളെയും വലച്ചു. ഇടപാടുകാർക്ക് പണം പിൻവലിക്കാൻ ഏർപ്പെടുത്തിയ നിബന്ധനകൾ സംബന്ധിച്ച നോട്ടിഫിക്കേഷനുകൾ ദിവസേനയെന്നോണം റിസർവ് ബാങ്ക് തിരുത്തിക്കൊണ്ടിരുന്നു. 2017 ആഗസ്റ്റിൽ പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ 1000, 500 രൂപ നോട്ടുകൾ 99 ശതമാനത്തിലധികം ബാങ്കുകളിൽ തിരിച്ചെത്തി എന്ന് റിസർവ് ബാങ്ക് അറിയിച്ചു. അപ്പോൾ കൊട്ടിഘോഷിച്ച കള്ളനോട്ടുകളും കള്ളപ്പണവും എവിടെ എന്ന ചോദ്യം ഉത്തരം കിട്ടാതെ നിന്നു.

ഈ ഘട്ടത്തിലാണ് 'നീതി ആയോഗ്' ഡിജിറ്റൽ പണമിടപാടിന്റെ പ്രചരണവുമായി രംഗത്തിറങ്ങിയത്. അവർ ചില ട്രെയിനിംഗ് പരിപാടികളും ആവിഷ്കരിച്ചു. ഭിക്ഷക്കാർ പോലും

'സ്വൈപിംഗ് മെഷീൻ' (കാർഡുപയോഗിച്ച് ഇടപാട് നടത്താൻ ഉപയോഗിക്കുന്ന യന്ത്രം) ഉപയോഗിക്കുന്നതായി പ്രധാനമന്ത്രി അവകാശപ്പെട്ടു. യഥാർത്ഥത്തിൽ ഡിജിറ്റൽ ഇടപാടുകളിലേക്ക് വലിയ തോതിൽ മാറാൻ ഇന്ത്യ പാകപ്പെട്ടിട്ടില്ല. ബാങ്കുകളും വൈദ്യുതിയും എത്താത്ത ഗ്രാമങ്ങൾ, ഇന്റർനെറ്റ് ലഭ്യതയുടെ കുറവ്, ജനങ്ങളിലെ നിരക്ഷരത തുടങ്ങിയവയെല്ലാം ഒറ്റ ദിവസം കൊണ്ട് പരിഹരിക്കാൻ കഴിയുന്നതല്ല. ഈ യാഥാർത്ഥ്യങ്ങൾ മറച്ചെച്ചുകൊണ്ടാണ് സർക്കാർ ഡിജിറ്റൽ ഇടപാടുകൾ വ്യാപിപ്പിക്കാൻ പുറപ്പെട്ടത്.

ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും കറൻസികൊണ്ട് ഇടപാട് നടത്തുന്നവരാണ്. മറ്റ് ഉപാധികൾ മഹാഭൂരിപക്ഷം ജനങ്ങൾക്കും അന്യമാണ്. പ്രചാരത്തിലുള്ള പണത്തിന്റെ 86 ശതമാനവും ഒറ്റയടിക്കു നിരോധിച്ചാൽ ജനങ്ങൾക്ക് കഷ്ടപ്പാടുണ്ടാകുമെന്ന് അറിയാൻ വലിയ പണ്ഢിത്യം ആവശ്യമില്ല. 69 ശതമാനം ഇന്ത്യൻ ജനത, 6 ലക്ഷം ഗ്രാമങ്ങളിലാണ് ജീവിക്കുന്നത്. ഈ ഗ്രാമങ്ങളിലാകെ 48,768 ബാങ്ക് ബ്രാഞ്ചുകളാണുള്ളത്. 12 ഗ്രാമങ്ങൾക്ക് 1 ബാങ്ക് ബ്രാഞ്ച് എന്ന തോതിൽ. 1 ലക്ഷം ഗ്രാമീണ ജനതക്ക് 6 ബാങ്ക് ബ്രാഞ്ച് എന്ന തോതിലാണ് നിലവിലുള്ളത്. മേൽ പറഞ്ഞ ഗ്രാമങ്ങളിലാകെ 40480 എടിഎമ്മുകൾ (ആകെയുള്ളതിന്റെ 18 ശതമാനം) മാത്രമാണുള്ളത്. ഈ അവസ്ഥയിൽ, പണമില്ലാതെ ഡിജിറ്റൽ ഇടപാടുകളിലേക്ക് മാറുന്നതെങ്ങിനെ?

'ബോസ്റ്റൺ കൺസൾട്ടൻസി ഗ്രൂപ്പ് & ഗൂഗ്ൾ' 2016 ജൂലൈയിൽ നടത്തിയ ഒരു പഠനത്തിൽ പറയുന്നത് 2015 ൽ ഇന്ത്യയിലെ 78 ശതമാനം ഉപഭോക്താക്കളും ഇടപാട് നടത്തുന്നത് പണം കൊണ്ടാണെന്നാണ്. 22 ശതമാനം മാത്രമാണ് ഡിജിറ്റൽ ഇടപാടുകൾ. കോടിക്കണക്കിന് ജനങ്ങളെ ഡിജിറ്റൽ ഇടപാടുകാരാക്കി മാറ്റുന്നതിന് വലിയ പരിശ്രമങ്ങൾ ആവശ്യമാണ്. പ്രധാനമന്ത്രിയുടെ പ്രഖ്യാപനം കൊണ്ട് മാത്രം ലക്ഷ്യം നേടാനാവില്ല.

ഇന്ത്യയിലെ 34.8 ശതമാനം ജനങ്ങൾക്ക് മാത്രമാണ് - ഇവരിൽ ഭൂരിഭാഗവും നഗരവാസികൾ - ഇന്റർനെറ്റ് സൗകര്യം ലഭ്യമായിട്ടുള്ളത്. ഗ്രാമീണ കുടുംബങ്ങളുടെ 68.27 ശതമാനം പേർക്ക് മൊബൈൽ ഫോൺ ഉണ്ടെന്നാണ് കണക്ക്. ചില സംസ്ഥാനങ്ങൾ ഈ കാര്യത്തിൽ ശരാശരിയുടെ പിന്നിലാണ്. ചത്തീസ്ഗഡിൽ 28.58 ശതമാനത്തിനും, ഒഡീഷയിൽ 33.58 ശതമാനത്തിനും, അരുണാചൽ പ്രദേശിൽ 44.18 ശതമാനത്തിനും മത്രമെ മൊബൈൽ ഫോൺ കണക്ഷനുള്ളൂ. ഈ പശ്ചാത്തലത്തിൽ, "ഡിജിറ്റൽ ഇന്ത്യാ" മുദ്രാവാക്യമുയർത്തിയത് ജനങ്ങളെ കബളിപ്പിക്കലായിരുന്നു.

## പോസ്റ്റ് ട്രൂത്ത് കാലഘട്ടത്തിലെ രാഷ്ട്രീയം

നോട്ട് നിരോധനത്തിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങൾ അറിയാതെയല്ല മോഡി ഈ നടപടി സ്വീകരിച്ചത്. കള്ളപ്പണം, കള്ളനോട്ട് തുടങ്ങിയവ ഇല്ലാതാക്കൽ എന്ന പ്രഖ്യാപനത്തിന് പിന്നിൽ രാഷ്ട്രീയ ലക്ഷ്യമായിരുന്നു. ഈ കാര്യം മനസിലാക്കാൻ പരമ്പരാഗത സാമ്പത്തിക ശാസ്ത്രങ്ങൾക്കപ്പുറം, 'പോസ്റ്റ് ട്രൂത്ത്' കാലത്തെ രാഷ്ട്രീയ സ്വഭാവം പരിശോധിക്കണം.

ഓക്സ്ഫോർഡ് ഡിക്ഷ്ണറി എല്ലാവർഷവും ഒരു അന്തർദേശീയ വാക്ക് പ്രസിദ്ധപ്പെടുത്താറുണ്ട്. 2015 ലെ അന്തർദേശീയ വാക്ക് "പോസ്റ്റ് ട്രൂത്ത്" (സത്യത്തിനപ്പുറം) എന്നതായിരുന്നു. ഈ വാക്കിനർത്ഥം "ചില സാഹചര്യങ്ങളിൽ വസ്തുനിഷ്ട യാഥാർത്ഥ്യങ്ങൾ പൊതുജനാഭിപ്രായത്തെ രൂപീകരിക്കുന്നതിനേക്കാൾ കൂടുതൽ വികാരങ്ങളെ, വ്യക്തിഗത വിശ്വാസങ്ങളെ സ്വാധീനിക്കുന്നു" എന്നതാണ്. ഈ പശ്ചാത്തലത്തിൽ സത്യം എന്നാൽ ലോക സത്യത്തിൽ എന്താണ് എന്ന് വിശദീകരിക്കൽ അപ്രധാനമാകുന്നു. അഴിമതികൾ എന്നാൽ വലിയ കുംഭകോണങ്ങൾ എന്ന ധാരണയാണ് ജനങ്ങൾക്കുണ്ടായിരുന്നത്. അഴിമതികളിലൂടെ നേടുന്ന വമ്പിച്ച പണം കറൻസിയിൽ സൂക്ഷിച്ച് വെക്കുന്നതായും ജനങ്ങൾ ധരിച്ചിരുന്നു. എന്നാൽ നവ ഉദാര

വൽക്കരണ കാലഘട്ടത്തിൽ കുംഭകോണങ്ങളിലൂടെ കരസ്ഥമാക്കുന്ന പണം വളരെ കുറച്ചു മാത്രമെ കറൻസിയിൽ സൂക്ഷിക്കുന്നുള്ളൂ എന്ന സത്യം ഭൂരിപക്ഷം ജനങ്ങൾക്കും അറിയുമായിരുന്നില്ല. "സത്യത്തിനപ്പുറമുള്ള" ഈ യാഥാർത്ഥ്യത്തെ അടിസ്ഥാനപ്പെടുത്തിയാണ് മോഡി, കള്ളപ്പണത്തെ നേരിടുക എന്ന തന്റെ രാഷ്ട്രീയ തന്ത്രം പയറ്റിയത്.

രാഷ്ട്രീയ മണ്ഡലത്തെ ഇളക്കിമറിച്ച വമ്പൻ അഴിമതികൾ ജനങ്ങൾക്കിടയിൽ വലിയ ഓളം സൃഷ്ടിക്കുകയും, വലിയ അഴിമതി വിരുദ്ധ പ്രസ്ഥാനങ്ങൾ ഇടലെടുക്കുകയും ചെയ്തുപശ്ചാത്തലത്തിലാണ് 2014 ലെ തെരഞ്ഞെടുപ്പ് കാലത്ത് ജനവികാരം ചൂഷണം ചെയ്യാൻ തന്റെ അഴിമതി വിരുദ്ധ പ്രചാരവേലക്ക് രൂപം നൽകിയത്. ബിജെപിയുടെ 2014 തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ അഴിമതി, കള്ളപ്പണം എന്നിവക്കെതിരായ പോരാട്ടം പ്രധാന സ്ഥാനം പിടിച്ചു. യുപിഎ സർക്കാർ കാലത്ത് വ്യാപകമായ അഴിമതി ഒരു "ദേശീയ പ്രതിസന്ധി"യായി ബിജെപി അവതരിപ്പിച്ചു. അഴിമതിക്കുള്ള അവസരം കുറച്ച് കള്ളപ്പണം ഉണ്ടാവാനുള്ള അവസരം ഇല്ലാതാക്കുമെന്നായിരുന്നു വാഗ്ദാനം. വിദേശ ബാങ്കുകളിൽ കുമിഞ്ഞു കൂടിയ ഇന്ത്യക്കാരുടെ കള്ളപ്പണം മുഴുവൻ പിടിച്ചെടുത്ത് ഇന്ത്യയിലെത്തിക്കുമെന്നും അവർ പ്രഖ്യാപിച്ചു. ഇതിനായി ഒരു കർമസമിതിയെ നിയോഗിക്കുമെന്നും കള്ളപ്പണം തടയാൻ നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുമെന്നും മോഡി പ്രഖ്യാപിച്ചിരുന്നു.

കള്ളപ്പണത്തിനും അഴിമതിക്കുമെതിരെയുള്ള ജനരോഷം തങ്ങൾക്കനുകൂലമായി മാറ്റുക എന്നതായിരുന്നു മോഡിയുടെ ലക്ഷ്യം. ഈ പ്രശ്നം മോഡി ദേശവ്യാപകമായി പ്രചരിപ്പിച്ചു. അദാനിയെ പോലുള്ള കുത്തകകൾ ഒരുക്കി കൊടുത്ത വിമാനങ്ങളും ഹെലികോപ്റ്ററുകളും ഉപയോഗിച്ചായിരുന്നു മോഡിയുടെ തെരഞ്ഞെടുപ്പ് പ്രചരണമെന്നത് ആരും ഗൗനിച്ചില്ല. കോൺഗ്രസ് നിലകൊണ്ടത് അഴിമതിയുടെ എബിസിഡിക്ക് വേണ്ടിയായിരുന്നു. എ- ആദർശ്, ബി- ബോഫോഴ്സ്, സി- കോമൺവെൽത്ത് ഗെയിംസ് എന്നായിരുന്നു പരിഹസിച്ചിരുന്നത്. തന്റെ സർക്കാരിന്റെ പ്രധാന പരിപാടി അഴിമതി തുടച്ച് നീക്കലായിരിക്കും എന്ന് മോഡി പറഞ്ഞു. കള്ളപ്പണത്തെക്കുറിച്ച് അന്വേഷിക്കാൻ റിട്ടയേർഡ് സുപ്രിം കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ (SIT) നിയോഗിക്കുമെന്നും മോഡി വാഗ്ദാനം ചെയ്തിരുന്നു.

2014 ലെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ കോൺഗ്രസ് 2009–14 കാലത്ത് സർക്കാർ പാസാക്കിയ സുപ്രധാനമായ ചില നിയമങ്ങളെക്കുറിച്ച് - ഭക്ഷ്യ ഭദ്രത, ഭൂമി ഏറ്റെടുക്കൽ, ലൈംഗീകാതിക്രമം തടയൽ, ലോക്പാൽ, ലോകായുക്ത, വഴിയോര കച്ചവടക്കാരുടെ സംരക്ഷണം- തുടങ്ങിയവ ഉൾക്കൊണ്ടിരുന്നെങ്കിലും അഴിമതിക്കെതിരായ പ്രചാരവേലയിൽ അതെല്ലാം മുങ്ങിപ്പോയി. അഴിമതിക്കെതിരായ ജനരോഷം പരമാവധി മുതലെടുക്കലായിരുന്നു ബിജെപി ലക്ഷ്യം.

ഭരണത്തിൽ വന്ന് മാസങ്ങൾ പിന്നിട്ടപ്പോൾ ബിജെപിയുടെ പരിപാടികൾ മോഡി എന്ന വ്യക്തിയുടെ സ്വന്തം അജണ്ടക്ക് വഴിമാറി. 2015 ലെ സ്വാതന്ത്ര്യ ദിനത്തിൽ ചെങ്കോട്ടയിലെ പ്രസംഗത്തിൽ മോഡി പറഞ്ഞു- "രാഷ്ട്രം അഴിമതി വിമുക്തമാവണമെന്ന മുദ്രാവാക്യത്തിൽ ഞാൻ ഉറപ്പ് നിൽക്കുന്നു; ഈ പോരാട്ടം ഉന്നതങ്ങളിൽ നിന്നാരംഭിക്കണം; അഴിമതി ചിതല് പോലെയാണ്; അത് സാവകാശത്തിലാണ് വ്യാപിക്കുക; എന്നാൽ എല്ലായിടത്തും എത്തും; സമയത്തുള്ള മരുന്നു പ്രയോഗം കൊണ്ട് അതിനെ തടയാം; നിങ്ങളുടെ സഹായത്തോടെ ആ പ്രയത്നം ഞാൻ നടത്തും; നമുക്ക് വേണ്ടത് അഴിമതി മുക്തമായ ഭാരതമാണ്". കള്ളപ്പണം തടയാനെന്ന പേരിൽ ഒരു പുതിയ നിയമം ഉണ്ടാക്കി. രാജ്യത്തിനകത്തുള്ള കള്ളപ്പണം വെളിപ്പെടുത്തുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കി. 2015 ലെ ബജറ്റിന്റെ ഭാഗമായി കള്ളപ്പണം വെളിപ്പെടുത്തുന്നതിനുള്ള കുറെ വ്യവസ്ഥകൾ സർക്കാർ മുന്നോട്ട് വെച്ചു.

2016 നവംബർ 8 ന് നോട്ട് നിരോധനം മോഡി നേരിട്ട് പ്രഖ്യാപിക്കുമ്പോൾ മുമ്പത്തെകാലം അഴിമതി നിറഞ്ഞതായിരുന്നുവെന്നും താൻ അത് ശുദ്ധീകരിക്കാനുള്ള യജ്ഞത്തിലാണെന്നും

ജനങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. സർക്കാർ എന്ന നിലയിലലല്ല; താൻ നേരിട്ട് ഈ ദൗത്യം നിർവഹിക്കുകയാണ്. എന്ന പ്രതീതി സൃഷ്ടിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അഴിമതിക്കെതിരായ ധീര നിലപാട് സ്വീകരിക്കുന്ന ഭരണാധികാരിയാണ് താനെന്ന് മാത്രമല്ല, മുമ്പത്തെ സർക്കാർ ഇത്തരം നിലപാടുകൾ കൈക്കൊള്ളാൻ ആർജവമില്ലാത്തവരായിരുന്നു എന്നും മോദി പ്രഖ്യാപിച്ചു. രാജ്യത്തിന്റെ ചരിത്രത്തിൽ അഴിമതിക്കും കള്ളപ്പണത്തിനുമെതിരെ ധീരമായ നിലപാട് സ്വീകരിച്ച ഭരണാധികാരിയാണ് താനെന്ന പ്രതീതി സൃഷ്ടിക്കലായിരുന്നു മോഡിയുടെ ലക്ഷ്യം.

"അസൗകര്യങ്ങൾ സഹിക്കണമോ, അന്തസില്ലായ്മ സ്വീകരിക്കണമോ" എന്ന ചോദ്യത്തിന് സാധാരണ ജനങ്ങൾ " അസൗകര്യങ്ങൾ സഹിച്ചും, അന്തസില്ലായ്മയെ ചെറുത്തും നിലപാട് സ്വീകരിക്കും" എന്നായിരുന്നു മോഡിയുടെ വാദം. "കോടിക്കണക്കിന് കള്ളപ്പണം സർക്കാരുദ്യോഗസ്ഥന്മാർ അവരുടെ കിടക്കക്കടിയിൽ ഒളിപ്പിച്ച് വെച്ചതിനെക്കുറിച്ചുള്ള വാർത്തകൾ പുറത്ത് വരുമ്പോൾ വേദനിക്കാത്ത അന്തസുള്ള പൗരന്മാർ ആരുമുണ്ടാവില്ല" "ചാക്കിൽ കെട്ടിവെച്ച പണത്തെകുറിച്ചുള്ള വാർത്തകളോട് വെറുപ്പ് തോന്നാത്തവരാരാണ്?" "അഴിമതി, കള്ളപ്പണം, കള്ളനോട്ട്, ഭീകരത എന്നിവക്കെതിരായ പോരാട്ടത്തിൽ അല്പം പ്രയാസങ്ങൾ സഹിക്കാൻ വൈമനസ്യമുള്ളവർ ആരുമുണ്ടാവില്ല." "ഈ മഹായജ്ഞത്തിൽ എല്ലാ പൗരന്മാരും പങ്ക് ചേരും എന്ന് ഞാൻ വിശ്വസിക്കുന്നു" എന്നായിരുന്നു മോഡി പ്രസംഗിച്ചത്.

തന്റെ കാലഘട്ടം സംശുദ്ധിയുടെയും, നീതിയുടെയും കറപുരളാത്തതുമാണെന്നും മുമ്പുള്ള ഭരണകാലം എല്ലാ വൃത്തികേടുകളുടെയും പര്യായമാണെന്നും മോഡി തട്ടിവിട്ടു- നോട്ട് നിരോധനം സൃഷ്ടിച്ച വിഷമതകൾക്ക് എതിരെ ജനങ്ങൾ പ്രതികരിക്കാൻ തുടങ്ങിയപ്പോൾ അതെല്ലാം ദുഷ്ടശക്തികളുടെ പ്രേരണയാലെന്നായിരുന്നു മോഡിയുടെ വാദം. "എനിക്കറിയാം, എനിക്കെതിരായ ദുഷ്ടശക്തികളെ കുറിച്ച്; അവർ എന്നെ ജീവനോടെ വിടില്ല; അവർ എന്നെ നശിപ്പിക്കും"- മോഡി വികാരപരമായി പ്രസംഗിച്ചു. "എഴുപത് വർഷം രാജ്യത്തെ കൊള്ളയടിച്ചവർക്ക് എന്നെ നശിപ്പിക്കാനാവില്ല; ഞാൻ ഒരു ദരിദ്രനാണ്; എന്റെ മുടിപിടിച്ച് വലിച്ചാലൊന്നും ഈ യജ്ഞത്തിൽ നിന്ന് താൻ പിന്മാറില്ല. എന്നെ ജീവനോടെ ചുട്ടുകരിച്ചാലും താൻ പിൻമാറില്ല" ഇതായിരുന്നു മോഡി പ്രസംഗിച്ചത്. ഈ വികാര പ്രകടനങ്ങൾ അല്പം ഫലം ചെയ്തു. രാഷ്ട്രത്തെ ശുദ്ധീകരിക്കാനുള്ള മോഡിയുടെ യജ്ഞത്തിൽ പങ്കാളികളാവാൻ തുടക്കത്തിൽ ഒരു വിഭാഗം ജനങ്ങൾ സന്നദ്ധരായി. നോട്ട് നിരോധനത്തിനെതിരെ, ആദ്യകാലത്ത് വലിയ ജനകീയ പ്രക്ഷോഭങ്ങൾ ഉയർന്നില്ല.

നവ- ഉദാരവൽക്കരണ നയങ്ങൾ പ്രാന്തവൽക്കരിച്ച ജനസമൂഹങ്ങൾ, "സത്യത്തിനപ്പുറം' എന്ന സിദ്ധാന്തത്തിനടിപെട്ട്, യാതാർത്ഥ്യങ്ങൾ മനസിലാക്കാതെ വികാരപരമായ നിലപാടാണ് ആദ്യം സ്വീകരിച്ചത്. 2017 ലെ യുപി തെരഞ്ഞെടുപ്പിൽ അതാണ് ദൃശ്യമായത്. ഉദാരവൽക്കരണ കാലത്ത്, സമ്പത്തിന്റെ ഗണ്യമായ ഭാഗം, കോർപറേറ്റുകളുടെ കൈകളിലേക്കാണ് ഒഴുകിയത്. ജനങ്ങളുടെ വൈകാരികതയെ ഉദ്ദീപിപ്പിക്കുകയായിരുന്നു മാധ്യമങ്ങൾ ചെയ്ത്കൊണ്ടിരുന്നത്. അങ്ങിനെയാണ് മോഡി സൃഷ്ടിച്ച വൈകാരികതക്കൊപ്പം അവർ സഞ്ചരിച്ചത്. വസ്തുനിഷ്ടയാഥാർത്ഥ്യം മറിച്ചായിട്ടും. അമേരിക്കയിൽ ട്രംമ്പിന്റെ വിജയത്തിലും ബ്രിട്ടനിലെ ബ്രക്സിറ്റിന്റെ വിജയത്തിലും ഇതേ സ്വഭാവം കാണാം. പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങൾ വിദേശത്ത് നിന്നെത്തുന്ന കള്ളപ്പണം തങ്ങളുടെ "ജൻധൻ എക്കൗണ്ടു"കളിൽ എത്തുന്നത് പ്രതീക്ഷിച്ച് നില്പായിരുന്നു.

നയങ്ങളെ എതിർക്കുന്നത് തന്റെ നേരെ വ്യക്തിപരമായുള്ള എതിർപ്പുകളായി മോഡി ചിത്രീകരിച്ചു. രാഷ്ട്ര നിർമാണത്തിൽ ഏർപെട്ട കരുത്തനായ നേതാവിനെ ദുർബലമാക്കാനുള്ള ശ്രമങ്ങളായി വ്യാഖ്യാനിച്ചു. ഫാസിസ്റ്റ് രീതിയിലുള്ള ഒരു തന്ത്രമായിരുന്നു അത്. എന്തിനെയും ദേശീ

യതയുമായും ദേശസ്നേഹവുമായും കൂട്ടിക്കെട്ടി എതിർക്കുന്നവരെല്ലാം "രാജ്യദ്രോഹികൾ" എന്ന് മുദ്രകുത്തപ്പെട്ടു.

ഒരു പ്രതിബിംബത്തെ സൃഷ്ടിക്കുകയും അതിനെ ആരാധിച്ച് കൊണ്ട് ജനങ്ങൾ അതിന്റെ പുറത്ത് യാത്ര ചെയ്യാൻ തുടങ്ങുകയും ചെയ്യുന്നത് രാഷ്ട്രീയമായ അപചയമാണ്.

നോട്ട് നിരോധനം കാർഷിക മേഖലയുടെ നട്ടെല്ലൊടിച്ചു. എല്ലാ കാർഷിക ഉൽപന്നങ്ങളുടെയും വില കുറഞ്ഞു. വില തകർച്ചയിൽ നിന്ന്, കാർഷിക മേഖല ഇപ്പോഴും കര കയറിയിട്ടില്ല. തെരഞ്ഞെടുപ്പ് കാലത്ത് പ്രഖ്യാപിച്ച മിനിമം സപ്പോർട് പ്രൈസ് (MSP) നടപ്പാക്കിയില്ല. കടക്കെണിയിൽ കുടുങ്ങിയ കർഷകർ രോഷത്തോടെ പ്രക്ഷോഭരംഗത്തിറങ്ങിയത് ഈ സാഹചര്യത്തിലാണ്. ചെറുകിട ഉൽപാദകരെയും നോട്ട് നിരോധനം തകർത്തു. വൻകിടക്കാർ ഈ സന്ദർഭം ഉപയോഗിച്ച് ചെറുകിട ഉൽപാദകരുടെ ഉൽപന്നങ്ങളും കാർഷിക ഉൽപന്നങ്ങളും ചുളുവിലക്ക് വാങ്ങിക്കൂടി വൻ ലാഭം കൊയ്തു.

ജിഎസ്ടി നടപ്പിലായപ്പോൾ അതും ഗുരുതരമായി ബാധിച്ചത് ചെറുകിട ഉൽപാദകരെയും കൈതൊഴിൽ ചെയ്യുന്നവരെയുമാണ്. ഉദാഹരണത്തിന് കൈതൊഴിലാളി ഉൽപാദിപ്പിക്കുന്ന വസ്ത്രങ്ങൾ, നെയ്തുകാരുടെ ഉൽപന്നങ്ങൾ എന്നിവയ്ക്ക് 5 ശതമാനം നികുതി ഏർപ്പെടുത്തി. മുമ്പ് ഇവക്ക് നികുതി ഇല്ലായിരുന്നു. നികുതി മുൻകൂർ അടക്കാൻ ഇവർക്ക് നിവൃത്തിയില്ല. പ്രവർത്തന മൂലധനം സ്വരൂപിക്കാൻ കഷ്ടപ്പെട്ടിരുന്ന ദശലക്ഷക്കണക്കിന് വരുന്ന ചെറുകിട ഉൽപാദകർ വലഞ്ഞു.

നോട്ട് നിരോധനം എന്ത് ലക്ഷ്യം വെച്ചായിരുന്നു? എന്തെങ്കിലും വലിയ കാര്യങ്ങൾ ചെയ്യുക എന്നതായിരുന്നു മോഡിയുടെ ആഗ്രഹം. നോട്ട് നിരോധനം പോലെയുള്ള 'ധീരമായ' നടപടികൾ ചെയ്യാൻ മോഡിക്കേ ആവൂ എന്ന് പ്രകീർത്തിക്കപ്പെട്ടു. തൊട്ടുപിന്നാലെ ബുള്ളറ്റ് ട്രെയിൻ പദ്ധതി പ്രഖ്യാപിക്കപ്പെട്ടു. തെരഞ്ഞെടുപ്പ് കാലത്ത് വാഗ്ദാനം ചെയ്ത "നല്ല ദിവസങ്ങൾ" കാത്തിരിക്കുന്ന ജനങ്ങളെ കബളിപ്പിക്കലായിരുന്നു ഒരു ലക്ഷ്യം. രണ്ടാമത്തെ കാര്യം, ചെറുകിട ഉൽപാദകരുടെ തകർച്ച, സാമ്പത്തിക രംഗം, വൻകിടക്കാർക്ക് പിടിമുറുക്കാൻ അവസരം നൽകി. മോഡിയെ അധികാരത്തിലേറ്റാൻ കോടികൾ വാരിയെറിഞ്ഞ വൻ കോർപറേറ്റുകൾക്ക് മതിയായ പ്രതിഫലം കിട്ടി.

### സാമ്പത്തിക പ്രതിസന്ധി

രാജ്യത്തിന്റെ ജ.ഡി.പി. വർച്ചാ നിരക്ക് 2017 ആദ്യ പാദത്തിൽ (ഏപ്രിൽ-ജൂൺ) 5.7 ശതമാനമായി കുറഞ്ഞു. രണ്ടാം പാദത്തിൽ വളർച്ച 6.3 ശതമാനമായി അല്പം ഉയർന്നപ്പോൾ സർക്കാർ വാശിയോടെ സമ്പദ് ഘടന വളർച്ചയുടെ പാതയിലേക്ക് തിരിച്ച് വരുന്നു എന്ന് പറയാൻ തുടങ്ങി. 2016 ആദ്യപാദത്തിൽ 8 ശതമാനമായിരുന്നു സാമ്പത്തിക വളർച്ച. 2008 ലോക മുതലാളിത്ത പ്രതിസന്ധിയുടെ കാലത്തുപോലും സാമ്പത്തിക വളർച്ച 6.9 ശതമാനമായിരുന്നു. നിറം പിടിച്ച കണക്കുകളോടെ സി.എസ്.ഒ (സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ) പുറത്ത് വിടുന്ന കണക്കുകൾ രാജ്യത്തെ യഥാർത്ഥ സ്ഥിതിയെ പ്രതിഫലിപ്പിക്കുന്നില്ല. സാമ്പത്തിക മാന്ദ്യത്തിന് കാരണങ്ങൾ നോട്ട് നിരോധനവും, ജി.എസ്.ടി.യും മാത്രമല്ല. അതിന് മുമ്പേ സാമ്പത്തിക മാന്ദ്യം ദൃശ്യമായിരുന്നു. സ്വകാര്യ നിക്ഷേപം കുറഞ്ഞു വരികയായിരുന്നു. ഉല്പാദന മേഖലയിലെ തളർച്ചയാണ് സാമ്പത്തിക മാന്ദ്യത്തിന് മുഖ്യ കാരണം. 7 ശതമാനമായിരുന്ന ഉല്പാദന മേഖലാ വളർച്ച 2017-ൽ 1.2 ശതമാനമായി ഇടിഞ്ഞു. ഉൽപാദന വളർച്ച മരവിച്ച് നിൽക്കുമ്പോഴും ഉൽപാദനത്തിനുള്ള വസ്തുക്കളുടെ വില കുറഞ്ഞാൽ വളർച്ചയായി കണക്കാക്കപ്പെടും. സാമ്പത്തിക വളർച്ചയിൽ നേരിയ വർദ്ധനവ് കണക്കാക്കിയത് ഈ അടിസ്ഥാനത്തിലാണ്. വ്യവസായ ഉൽപാദനത്തിൽ അളവിൽ വർദ്ധനവ് ഉണ്ടായിട്ടില്ല- ഇത് ഇന്ത്യയെ പോലൊരു വികസ്വര രാഷ്ട്രത്തിന് ശുഭ സുച

കമായ അവസ്ഥയല്ല. തൊഴിലിനായുള്ള ആവശ്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിലും വ്യവസായ മേഖലയിൽ മൂലധന നിക്ഷേപം ഉയർന്നിട്ടില്ല. മൂലധന സ്വരൂപണത്തിന്റെ ജി.ഡി.പി.യുമായുള്ള അനുപാതം കുറയുകയാണുണ്ടായത്. മറ്റൊരു പ്രധാന പ്രശ്നം ഇന്ത്യയുടെ കയറ്റുമതിയുടെതാണ്. കഴിഞ്ഞ പാദത്തിൽ (മേയ്-ജൂലൈ) കയറ്റുമതി വളർച്ച കേവലം 1.2 ശതമാനം മാത്രമാണ്. കയറ്റുമതി വളർച്ച 15 ശതമാനത്തിലെത്താത്ത ഒരു രാഷ്ട്രവും സാമ്പത്തിക വളർച്ച നേടുന്ന അവസ്ഥയിലല്ലെന്നാണ്, പ്രമുഖ സാമ്പത്തിക വിദഗ്ധർ പറയുന്നത്.

സാമ്പത്തിക മാന്ദ്യവും നോട്ടു നിരോധനവും ജി.എസ്.ടി. യും എല്ലാം ചേർന്ന് ദശലക്ഷക്കണക്കിന് തൊഴിലാളികളെ തൊഴിൽ രഹിതരാക്കി. കാർഷിക മേഖലയുടെ തകർച്ച മുമ്പൊരിക്കലും കാണാത്ത വിധത്തിലാണ്. ചെറുകിട- കൈതൊഴിൽ മേഖലയിലാണ് വലിയ തൊഴിൽ നഷ്ടം സൃഷ്ടിച്ചത്. കേരളത്തിലും ഇതിന്റെ പ്രത്യാഘാതമുണ്ട്. നിർമ്മാണ മേഖലയിൽ വലിയ പ്രതിസന്ധിയാണ്. കരാറുകാർ ജി.എസ്.ടി. കാരണം പ്രവർത്തികൾ നിർത്തിയതിനാൽ കുടിയേറ്റ തൊഴിലാളികൾ ഉൾപ്പെടെ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് ജോലി നഷ്ടമായി. ചെറുകിട വ്യവസായ കേന്ദ്രമായ കോയമ്പത്തൂരിലും വസ്ത്ര നിർമ്മാണ കേന്ദ്രമായ തിരുപ്പൂരിലും തുണി വ്യവസായ കേന്ദ്രമായ സൂറത്തിലും അനേകം വ്യവസായ യൂണിറ്റുകൾ അടച്ചുപൂട്ടി. കേരളത്തിൽ റിയൽഎസ്റ്റേറ്റ് ബിസിനസ്സ് പാടെ തകർന്നു. വാണിജ്യ-വ്യാപാര മേഖല സ്തംഭിച്ചു നിൽപ്പാണ്.

### വളർന്ന് വരുന്ന പ്രക്ഷോഭങ്ങൾ

മോഡി സർക്കാർ നടപ്പാക്കുന്ന നവ-ഉദാരവൽക്കരണ നയങ്ങളുടെ പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്ന ജനങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സമര രംഗത്തിറങ്ങി. മോഡിയുടെ വാചോടാപത്തിൽ അവർക്ക് വിശ്വാസം നഷ്ടപ്പെട്ടു. മഹാരാഷ്ട്ര, മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ കർഷക സമരം ബി.ജെ.പി യുടെ സംസ്ഥാന സർക്കാരുകളെ മുട്ടുകുത്തിച്ചു. ബാങ്ക് കടങ്ങൾ എഴുതി തള്ളുമെന്ന് ഒത്തുതീർപ്പുണ്ടാക്കാൻ സർക്കാരുകൾ നിർബന്ധിതമായി. രാജസ്ഥാനിലെ കർഷക സമരത്തിന് നേതൃത്വം നല്കിയത് ആൾ ഇന്ത്യ കിസാൻ സഭയാണ്.

2017 നവ 9,10,11 തീയതികളിൽ ഡൽഹിയിൽ നടന്ന 'മഹാധർണ'യിൽ ലക്ഷക്കണക്കിന് തൊഴിലാളികളാണ് പങ്കെടുത്തത്. സർക്കാർ നയങ്ങൾ തിരുത്തിയില്ലെങ്കിൽ അനിശ്ചിതകാല പണിമുടക്കിലേക്ക് പോകുമെന്ന് ട്രേഡ് യൂണിയനുകൾ പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിൽ നിന്ന്, സി.ഐ.ടി.യു. സംഘടനകൾ 11000 ത്തിൽപരം തൊഴിലാളികളെയാണ് ധർണയിൽ പങ്കെടുപ്പിച്ചത്.

ബി.ജെ.പി. സർക്കാരിന്റെ നയങ്ങൾക്കെതിരെ യാഥാർത്ഥ്യ ബോധത്തോടെ പ്രതികരിക്കാൻ ജനങ്ങൾ സന്നദ്ധമായിക്കൊണ്ടിരിക്കുന്നു. യു.പി. യിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഗ്രാമപ്രദേശങ്ങളിലെല്ലാം ബി.ജെ.പി. ദയനീയമായി പരാജയപ്പെട്ടു. വർഗീയത ഉപയോഗിച്ച് എക്കാലത്തും ജനങ്ങളെ ഭിന്നിപ്പിച്ച് നിർത്താനാവില്ലെന്ന് തെളിയിക്കപ്പെട്ടു. ഉശിരാർന്ന വർഗ സമരങ്ങൾ ഉയർത്തി ബി.ജെ.പി. സർക്കാരിന്റെ നവ-ഉദാരവൽക്കരണ നയങ്ങളെയും വർഗീയതയേയും ചെറുക്കാനാവുമെന്ന ആത്മവിശ്വാസം ജനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

### പുതിയ ബാങ്ക്- ഇൻഷൂറൻസ് ബിൽ

ഫിനാൻഷ്യൽ റസലൂഷൻ & ഡെപ്പോസിറ്റ് ഇൻഷൂറൻസ് ബിൽ (FRDI), അടുത്ത പാർലമെന്റ് സമ്മേളനത്തിൽ പാസ്സാക്കാൻ പോവുകയാണ്. ബാങ്കുകളിലെ കിട്ടാക്കടത്തിന്റെ വ്യാപ്തി

വളരെ വലുതാണ്. റിസർവ്വ് ബാങ്കിന്റെ കണക്കുകൾ അനുസരിച്ച് 5000 കോടി രൂപക്ക് മുകളിൽ വായ്പ കൊടുത്ത 12 അക്കൗണ്ടുകളിൽ 1,75,000 കോടി രൂപ കിട്ടാക്കടമാണ്. മൊത്തം കിട്ടാക്കടത്തിന്റെ 25 ശതമാനം വരുമിത്. രാജ്യത്തെ കിട്ടാക്കടത്തിന്റെ 88 ശതമാനവും 5 കോടിയിൽ കൂടുതൽ രൂപ വായ്പയെടുത്തവരുടെതാണ്. സമ്പന്നർക്കാണ് വലിയ തുക വായ്പകൾ ലഭിക്കുന്നത്. ഈ വായ്പകൾ കർശനമായി ഈടാക്കാൻ കഴിയാത്തതാണ് ഇന്നത്തെ ബാങ്ക് പ്രതിസന്ധിയുടെ മുഖ്യ കാരണം. ഈ യാഥാർത്ഥ്യം അംഗീകരിക്കാതെ ബാങ്കുകളുടെ രക്ഷക്കായി രാജ്യത്തെ ധന സ്ഥാപനങ്ങളെ ആകെ ഉടച്ചുവാർത്ത് ജനങ്ങളുടെ നിക്ഷേപങ്ങൾ അപഹരിക്കുന്ന വിധമുള്ള പരിഷ്കരണങ്ങളാണ് പുതിയ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നത് സാധാരണ ജനങ്ങളാണ്. നിക്ഷേപിക്കുന്ന പണത്തിന് 1 ലക്ഷം രൂപ വരെ ഗ്യാരണ്ടി നൽകിയിരുന്ന സ്ഥാപനമാണ് റിസർവ്വ് ബാങ്കിന്റെ കീഴിലുള്ള ഡി.ഐ.സി.ജി.സി. (ഡെപ്പോസിറ്റ് ഇൻഷൂറൻസ് & ക്രെഡിറ്റ് ഗ്യാരണ്ടി കോർപറേഷൻ). ബില്ലിലെ പ്രധാന വ്യവസ്ഥ ഡി.ഐ.സി.ജി.സി-യെ റദ്ദാക്കലാണ്. അതിലെ ജീവനക്കാരെ റിസർവ്വ് ബാങ്കിലേക്കോ നിർദ്ദിഷ്ട റെസലൂഷൻ കോർപറേഷനിലോ ജോലി നൽകും. നിക്ഷേപകർക്ക് നിക്ഷേപ സുരക്ഷ ഉറപ്പ് നൽകുന്നില്ല. ജനങ്ങളുടെ സമ്പാദ്യ നിക്ഷേപത്തിന് സുരക്ഷിതത്വം നല്കേണ്ട സർക്കാർ നിക്ഷേപകരിൽ ആശങ്ക വളർത്തുകയാണ്. പുതിയ ബിൽ പാസ്സായാൽ നിലവിലുള്ള പല നിയമങ്ങളും ഭേദഗതി ചെയ്യേണ്ടിവരും. റിസർവ്വ് ബാങ്കിനെ പോലും നിർവീര്യമാക്കി നിയുക്ത ഫിനാൻഷ്യൽ റെസലൂഷൻ കോർപറേഷൻ സൂപ്പർ അധികാര കേന്ദ്രമായിമാറും. ഒരു സാമ്പത്തിക സ്ഥാപനത്തിന്റെ ശോചനീയ അവസ്ഥ കണക്കിലെടുത്ത്, സ്ഥാപന മേധാവിലകൾ തന്നെ സ്വയം പ്രവർത്തനം അവസാനിപ്പിക്കാനുള്ള അപേക്ഷ നൽകുകയാണെങ്കിൽ ദേശീയ നിയമ ട്രിബ്യൂണലുമായി ആലോചിച്ച ശേഷം ലിക്വിഡേറ്ററെ  നിയമിക്കാനും ബില്ലിൽ വ്യവസ്ഥയുണ്ട്. ഇന്ത്യയിലെ പൊതുമേഖലാ- സ്വകാര്യ- റീജിയണൽ റൂറൽ- സഹകരണ- ബാങ്കുകൾ, ലൈഫ് ഇൻഷൂറൻസ് കമ്പനികൾ, ജനറൽ ഇൻഷൂറൻസ് കമ്പനികൾ തുടങ്ങിയ മുഴുവൻ ധനകാര്യ സ്ഥാപനങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വരും. മുംബൈ ആസ്ഥാനമായി കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന ഒരു കോർപ്പറേറ്റ് സ്ഥാപനമായ "ഫിനാൻഷ്യൽ റെസല്യൂഷൻ കോർപറേഷൻ" ആയിരിക്കും മേലിൽ ഇന്ത്യൻ ധന മേഖലയിലെ മുഴുവൻ സ്ഥാപനങ്ങളുടെയും അവസാന വാക്ക്. ആസന്നമായ അപകടസാദ്ധ്യത നിലനിൽക്കുന്ന ഏത് ബാങ്കിനെയും ഇൻഷൂറൻസ് സ്ഥാപനത്തെയും എങ്ങിനെയും കൈകാര്യം  ചെയ്യാനുള്ള സർവ്വാധികാരം ഈ കോർപറേഷനുണ്ടാവും. ഏതൊരു സ്ഥാപനത്തെയും പാപ്പരായി പ്രഖ്യാപിച്ചു കൊണ്ട് അതിന്റെ പ്രവർത്തനം ലിക്വിഡേറ്റ് ചെയ്യാനുള്ള അധികാരം കോർപറേഷന് നൽകിയിട്ടുണ്ട്.

നവ-ഉദാരവൽകരണ നയങ്ങൾ കാൽ നൂറ്റാണ്ടായി ധനകാര്യ സ്ഥാപനങ്ങളുടെ നയങ്ങളിലും കാതലായ മാറ്റങ്ങൾ വരുത്തി. കുത്തക താല്പര്യം സംരക്ഷിക്കലായി ബാങ്ക് നയം. 2016-17 വർഷത്തിൽ ബാങ്കുകളുടെ പ്രവർത്തന ലാഭം 1,54,000 കോടി രൂപയായിരുന്നു. എന്നാൽ കിട്ടാക്കടങ്ങളിലേക്ക് വൻ തുക നീക്കിവെച്ചതിന്റെ ഫലമായി ലാഭം കേവലം 500 കോടി രൂപയായി കുറഞ്ഞു. ഉയർന്ന ഫീസും സർവ്വീസ് ചാർജ്ജും പലിശയും ചുമത്തി ഇടപാടുകാരെ പിഴിഞ്ഞുണ്ടാക്കുന്ന പണം വൻകിട കോർപറേറ്റുകളുടെ കിട്ടാക്കടത്തിലേക്ക് വകവെക്കുകയാണ്. മേലിൽ ലാഭം മാത്രമല്ല ജനങ്ങളുടെ നിക്ഷേപത്തെയും വൻകിടക്കാർ വരുത്തുന്ന നഷ്ടം എഴുതിതള്ളാൻ ഉപയോഗിക്കപ്പെടും. ബാങ്ക് നിക്ഷേപങ്ങൾക്ക് നല്കിവരുന്ന പലിശ നിരക്ക് വിദേശ ബാങ്കുകളെ അനുകരിച്ച് അടുത്ത കാലത്തായി കുത്തനെ കുറച്ചു. ചില വിദേശ ബാങ്കുകൾ നിക്ഷേപങ്ങൾക്ക് പലിശ കൊടുക്കുന്നില്ലെന്ന് മാത്രമല്ല, പണം സൂക്ഷിക്കുന്നതിന് നിക്ഷേപകനിൽ നിന്ന് 'സൂക്ഷിപ്പുകാശ്' ഈടാക്കുന്നു. അതും അനുകരിക്കാനാണ് ഇന്ത്യയിലെ പുതിയ നീക്കം. അതിനൊക്കെ പുറമെ, അധികാരികളുടെ കെടുകാര്യസ്ഥത കൊണ്ടും തെറ്റായ നയങ്ങൾ മൂലവും ബാങ്കിന് തകർച്ച വന്നാൽ അതിന്റെ കെടുതികൾ നിക്ഷേപകർ വഹിക്കണമെന്ന നിർദ്ദിഷ്ട നിയമം  വ്യവസ്ഥ

ചെയ്യുന്നു. ജനങ്ങൾക്ക് പരിമിതമായെങ്കിലും ലഭ്യമായിരുന്ന ബാങ്കിംഗ് സേവനം ഇല്ലാതാക്കുകയും കഴുത്തറുപ്പൻ മുതലാളിത്ത മത്സരത്തിനിടയിൽ പെട്ട് ജനങ്ങളുടെ പണ സംരക്ഷണം പോലും സാധ്യമാകാത്ത അവസരം വരികയും ചെയ്യും. 2008-ലെ ആഗോള സാമ്പത്തിക പ്രതിസന്ധിയെ തടഞ്ഞു നിർത്തിയ ഇന്ത്യൻ പൊതുമേഖലയുടെ കരുത്തിനെയും പ്രതിരോധ ശേഷിയെയും തകർക്കലാണ് പുതിയ ബില്ലിന്റെ ലക്ഷ്യം.

അന്തർദേശീയ ധന മൂലധന ശക്തികളുടെ നിർദ്ദേശാനുസരണമാണ് ഈ ബില്ല് വരുന്നത്. 2008-ലെ ലോക മുതലാളിത്ത പ്രതിസന്ധി വന്ന കാലത്ത് തകർന്ന ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും വ്യവസായങ്ങളെയും സംരക്ഷിക്കാൻ മുതലാളിത്ത രാഷ്ട്രങ്ങൾ കൈക്കൊണ്ട നടപടിയായിരുന്നു “ബെയിൽ ഔട്ട്” പദ്ധതി. ലക്ഷക്കണക്കിന് കോടി ഡോളറാണ് രാഷ്ട്രം ചെലവഴിച്ചത്. സ്വകാര്യ കോർപറേറ്റുകളുടെ തകർച്ച ഒടുവിൽ രാഷ്ട്രത്തിന്റെ തകർച്ചയിലേക്ക് വഴിവെച്ചു. ഇത് പുതിയ പ്രതിസന്ധിക്ക് വഴിവെച്ചു. ഈ സാഹചര്യം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ലോക ധന-മൂലധന ശക്തികൾ ആസൂത്രണം ചെയ്ത പദ്ധതിയാണ് ‘ബെയിൽ-ഇൻ’, FRDI ബില്ലിന്റെ പ്രേരകശക്തി ഈ പുതിയ നയമാണ്.

**മാധ്യമ ഗൂഢാലോചന**

സംസ്ഥാനത്തെ എൽ.ഡി.എഫ്. സർക്കാരിനെതിരെ കുത്തക മാധ്യമങ്ങൾ ഒറ്റ കെട്ടായി പ്രചരണം നടത്തുകയാണ്. സർക്കാർ നടപ്പാക്കുന്ന ജനക്ഷേമ പദ്ധതികൾക്ക് പ്രചരണം നല്കാൻ ഇവർക്ക് ഒരു താല്പര്യവുമില്ല. ഏത് പ്രശ്നവും സർക്കാരിനെതിരെ തിരിച്ചു വിടാനാണ് മാധ്യമങ്ങൾ ശ്രമിക്കുന്നത്.

കേരളത്തിൽ അക്രമം അഴിച്ചുവിടാനും സംസ്ഥാനത്തെ അപമാനിക്കാനും ലക്ഷ്യം വെച്ച് ബി.ജെ.പി. സംഘടിപ്പിച്ച ‘രക്ഷായാത്ര’ എന്ന പേരിലുള്ള പ്രചരണ ജാഥയുടെ തനിനിറം തുറന്നു കാണിക്കാൻ എൽ.ഡി.എഫ്. സംഘടിപ്പിച്ച പ്രചരണ ജാഥക്ക് സംസ്ഥാനത്തുടനീളം വലിയ സ്വീകാര്യത ലഭിച്ചു. എന്നാൽ കൊടുവള്ളിയിൽ ജാഥാലീഡർ കോടിയേരി ബാലകൃഷ്ണനെ വരവേൽക്കാൻ ഉപയോഗിച്ച ഒരു ‘വാഹന’ത്തിന്റെ പേരിൽ എൽ.ഡി.എഫ് ജാഥയെ അപമാനിക്കാനാണ് മാധ്യമങ്ങൾ ശ്രമിച്ചത്. തോമസ് ചാണ്ടിക്ക് നേരെ ഉയർന്ന ആക്ഷേപങ്ങൾ നിയമപരമായും വസ്തു നിഷ്ടമായും അന്വേഷിച്ച് ഒരു നടപടി സ്വീകരിക്കാൻ സർക്കാർ ശ്രമിക്കുന്ന സമയത്ത് സർക്കാരിനെ അധിക്ഷേപിക്കുകയായിരുന്നു മാധ്യമങ്ങൾ. ഏറ്റവും ഒടുവിൽ ‘ഓഖി’ ചുഴലിക്കാറ്റിൽ നാശനഷ്ടം നേരിട്ടവരെ സഹായിക്കാനും, പുനരധിവാസത്തിനുമായി സർക്കാർ കൈക്കൊണ്ട മുഴുവൻ നടപടികളെയും മറച്ചുവച്ച് സർക്കാരിനെതിരെ അധിക്ഷേപം ചൊരിയാൻ മത്സരിക്കുകയായിരുന്നു ഒരുപറ്റം മാധ്യമങ്ങൾ, ചില വാർത്താ അവതാരകർ കലാപത്തിന് ആഹ്വാനം നൽകുകയായിരുന്നു.

കേരളം കണ്ട ഏറ്റവും വൃത്തികെട്ട സംഭവമാണ് സോളാർ കുംഭകോണം. ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെയും കോൺഗ്രസ്സ് നേതാക്കളെയും കുറ്റപ്പെടുത്തുന്ന റിപ്പോർട്ടാണ് സമർപ്പിച്ചത്. അതിനെ കുറിച്ച് മാധ്യമങ്ങൾ ഇപ്പോൾ പൂർണ നിശബ്ദതയിലാണ്.

ബൂർഷ്വാ മാധ്യമങ്ങളുടെ എൽ.ഡി.എഫ്. വിരുദ്ധ നിലപാടുകൾ തിരിച്ചറിയണം. ദേശാഭിമാനിയുടെ പ്രചരണം വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം എല്ലാവരും മനസ്സിലാക്കണം.

****************************